# ജനകീയാസൂത്രണം മുപ്പതാണ്ട് പിന്നിടുമ്പോൾ...

**2026 ആഗസ്റ്റ് 16, കോട്ടൺഹിൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ , തിരുവനന്തപുരം**

## കൂട്ടായ്മയുടെ ഭാവി പ്രവർത്തനങ്ങൾ എങ്ങനെയാവാം

സെക്ഷൻ : 12

പേര് : കെ.ബി മദൻ മോഹൻ

കേരളത്തിൽ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും അതിൻറെ പൂർണ്ണ അർത്ഥത്തിൽ വളരെ ഫലപ്രദമായി നടക്കണം എന്ന് ആഗ്രഹിക്കുന്ന സ്വപ്നം കാണുന്ന ഒരു കൂട്ടം മനുഷ്യർ ഇപ്പോഴും ഉണ്ട് എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഇന്നത്തെ ഈ സംഗമം . ഇത് ഏറെ പ്രതീക്ഷ നൽകുന്നതാണ്. ഇതുകൂടാതെ ഇവിടെ വരാൻ പല കാരണങ്ങളാൽ കഴിയാത്ത ഒട്ടനവധി പേരുണ്ട്. അനുഭവസമ്പത്ത് കൊണ്ട് , വൈദ്യം കൊണ്ട് പരിണിത പ്രജ്ഞരും , പ്രവർത്തന സജ്ജമായ യുവതലമുറയുണ്ട്. ഈ കൂട്ടായ്മയിലൂടെ പുത്തനാശയങ്ങൾ രൂപപ്പെടുത്തി അതുവഴി കേരളത്തിലെ ജനകീയ ആസൂത്രണത്തിന്റെ അന്തസത്ത ചോർന്നു പോകാതെ നിലനിർത്തി നാട്ടിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ച്, അത് മറ്റുള്ളവർക്ക് ഊർജമാകുന്ന തരത്തിൽ വേണം നമ്മുടെ കൂട്ടായ്മയുടെ തുടർ പ്രവർത്തനം ആലോചിക്കാൻ . അതായിരിക്കും കേരളത്തിന് ശ്രീ മൻമോഹനൻ നമുക്ക് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സംഭാവന.

**ആശങ്കകൾ**

ഈ കൂട്ടായ്മയുടെ തുടർപ്രവർത്തനങ്ങൾ വിഭാവനം ചെയ്യുമ്പോൾ ചില ആശങ്കകൾ നമ്മുടെ മുന്നിലുണ്ട് അത് എങ്ങനെ മറികടക്കാം എന്നതായിരിക്കണം ഈ പരിപാടിയിൽ പ്രധാനമായും ആലോചിക്കേണ്ടത്.

1. മൊത്തം പ്രവർത്തനങ്ങൾ ആര് /ആരൊക്കെ, എങ്ങനെ കോഡിനേറ്റ് ചെയ്യും?
2. ഇടയ്ക്കിടയ്ക്കുള്ള കൂടിച്ചേരലുകൾ പരിശീലനങ്ങൾ എന്നിവ വേണ്ടിവന്നാൽ എങ്ങനെ പണം കണ്ടെത്തും?
3. തുടർ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട് എങ്ങനെ പ്രവർത്തിക്കാനാവും ?
4. പ്രവർത്തനങ്ങളുടെ തുടർച്ച എങ്ങനെ നിലനിർത്താനാവും?
5. പ്രവർത്തനങ്ങളോടൊപ്പം എങ്ങനെയാണ് അധികാരകേന്ദ്രീകരണം നിലനിർത്താനുള്ള സമരമായി കൂടി ഈ പ്രവർത്തനങ്ങളെ കാണാൻ കഴിയുക.

**പ്രവർത്തനങ്ങൾ**

1. ശ്രീ മൻമോഹന്റെ പേരിൽ ആരംഭിക്കുന്ന സമഗ്രമായ വെബ്സൈറ്റ് തന്നെ ഒരു പ്രധാന ടൂൾ ആയി നമുക്ക് ഉപയോഗിക്കാൻ കഴിയണം. ഈ വെബ്സൈറ്റിൽ പഞ്ചായത്തിന് വേണ്ട ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള എല്ലാം ഉണ്ടാവണം. ഉത്തരവുകൾ, പുത്തൻ സാങ്കേതികവിദ്യകളെക്കുറിച്ച് , വകുപ്പുകളുടെ

പരിപാടികളെക്കുറിച്ച് , വിദഗ്ധരുടെ പ്രഭാഷണങ്ങൾ, വിഭവ സമാഹരണത്തിനുള്ള സാധ്യതകൾ, സംശയങ്ങൾക്കുള്ള മറുപടികൾ, പഞ്ചായത്തുകളുടെ മാതൃകാ പ്രവർത്തനങ്ങൾ, മറ്റ് സംസ്ഥാനങ്ങളിലും മറ്റു രാജ്യങ്ങളിലും നടക്കുന്ന മാതൃകാ പ്രവർത്തനങ്ങൾ, വിവിധ ലേഖനങ്ങൾ, അറിയിപ്പുകൾ തുടങ്ങിയവയെല്ലാം ഇതിൽ ഉണ്ടാവണം.

2. ഇവിടെ നടക്കുന്ന സംഗമത്തിന്റെ ചെറു രൂപം എല്ലാ ജില്ലയിലും നടത്തണം. അവിടെ, ഇവിടെ വന്നവർ, വരാൻ താല്പര്യമുള്ളവർ ഗ്രാമ ബ്ലോക്ക് ജില്ല പഞ്ചായത്തുകൾ മുനിസിപ്പൽ കോർപ്പറേഷൻ ജനപ്രതിനിധികൾ മുൻ ജനപ്രതിനിധികൾ തുടങ്ങിയവരെ പങ്കെടുപ്പിച്ച് അര ദിവസത്തെ ഒരു പരിപാടി സംഘടിപ്പിക്കണം. അതിൽ :-
    - ഇത്തരത്തിൽ ഒരു കൂട്ടായ്മയുടെ പ്രസക്തി
    - കൃത്യമായി തയ്യാറാക്കിയ ഒരു തുടർ പ്രവർത്തന രൂപരേഖ അവതരണം
    - ചർച്ച
    - വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഈ കൂട്ടായ്മയുടെ സഹായം വേണ്ട വരെ ലിസ്റ്റ് ചെയ്യൽ.
    - ഒരു തുടർ പ്രവർത്തന കർമ്മപരിപാടി തയ്യാറാക്കൽ. തുടങ്ങിയവ നടക്കണം.
3. ഇത്തരത്തിൽ കുറഞ്ഞത് ഒരു ജില്ലാ പഞ്ചായത്ത് 10 ബ്ലോക്ക് പഞ്ചായത്ത് 100 ഗ്രാമപഞ്ചായത്തുകൾ 5 മുൻസിപ്പാലിറ്റികൾ, ഒരു കോർപ്പറേഷൻ എന്നിവയെങ്കിലും ആദ്യഘട്ടമായി ഏറ്റെടുക്കാൻ കഴിയണം.
4. ശുചിത്വം, ജൻഡർ , കുട്ടികൾ , തൊഴിൽ, സമഗ്ര കാർഷിക വികസനം, പട്ടികജാതി പട്ടികവർഗം, കാലാവസ്ഥാവ്യതിയാനം, ഗുഡ് ഗവേണൻസ്, യുവാക്കൾ, ഭിന്നശേഷില്ലാൻ,മുതിർന്നവർ, വിദ്യാഭ്യാസം, ആരോഗ്യം, കുടുംബശ്രീ ഇത്തരത്തിൽ കുറെ വിഷയങ്ങൾ, അതുമായി ബന്ധപ്പെട്ട് എടുക്കേണ്ട സമീപനം, പ്രക്രിയ, രീതിശാസ്ത്രം എന്നിവ തയ്യാറാക്കണം.
5. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താല്പര്യമുള്ള വിഷയമോ വിഷയങ്ങളോ തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകണം. ആ വിഷയം വഴി ക്രമേണ സമഗ്ര പരിപാടിയിലേക്ക് എത്തുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.
6. ഈ മേഖലയിൽ നമ്മുടെ കൂട്ടായ്മയെ സഹായിക്കാൻ കഴിയുന്ന ഒട്ടേറെ സ്ഥാപനങ്ങൾ വിദഗ്ധർ സന്നദ്ധ സംഘടനകൾ എന്നിവരുണ്ട് അവരെ ഇതുമായി കൂട്ടിയിണക്കാൻ കഴിയണം.
7. പരമാവധി പ്രവർത്തന കോഡിനേഷൻ ആശയവിനിമയം എന്നിവ ഓൺലൈനായിയും വെബ്സൈറ്റ് വഴിയും ചെയ്യാൻ കഴിയും.
8. ചില കാര്യങ്ങൾ ക്രമേണ വിവിധ വകുപ്പുകൾ വഴിയും ചെയ്യാൻ സാധിക്കും
9. പഞ്ചായത്തുകൾ ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് ഓൺലൈൻ മീഡിയ വഴിയും വെബ്സൈറ്റ് വഴിയും നല്ല പ്രചരണം നൽകണം. അവരുടെ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാൻ പഞ്ചായത്തുകൾക്ക് തന്നെ വിഭവം കണ്ടെത്താൻ കഴിയും.
10. കേരളത്തിലും ദേശീയതലത്തിലും അന്തർദേശീയ തലത്തിലും, ഇത്തരത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുകൾക്ക് വേണ്ട അംഗീകാരം കിട്ടാൻ ഉതകുന്ന തരത്തിൽ ഓൺലൈനായി തന്നെ അനുഭവം പങ്കുവെക്കൽ ശില്പശാലകൾ സംഘടിപ്പിക്കുന്നതിനെ കുറിച്ചും ആലോചിക്കാവുന്നതാണ്.
11. അതിൽ അധികാരകേന്ദ്രീകരണവുമായി ബന്ധപ്പെട്ട ചില ചെറു കോഴ്സുകൾ ഇതിൻറെ ഭാഗമായി പയ്ടായി തന്നെ ആരംഭിക്കണം. ആ വരുമാനം ഇതിൻ്റെ നടത്തിപ്പിനായി ഉപയോഗിക്കാം.
12. ഇതിന് സമാന്തരമായിഒരു സാമൂഹ്യ വിദ്യാഭ്യാസ പരിപാടിയുംവിഭാവനം ചെയ്യണം.
13. പ്രവർത്തനങ്ങളുടെ ഏകോപനം
    1. ഈ പരിപാടിയുടെ സെക്രട്ടറിയേറ്റ് ആയി ഗ്രാമീണ പഠന കേന്ദ്രം പ്രവർത്തിക്കണം.

2. ഇതിൻറെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രത്യേകം സെല്ലിന് രൂപം നൽകണം.
3. തിരഞ്ഞെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ സംഘടന സംവിധാനങ്ങൾ പഞ്ചായത്ത് തല മുതൽ താഴെ തലംവരെ ഉണ്ടാവണം.
4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന തരത്തിൽ സമയബന്ധിതമായി സേവനം നൽകാൻ നമ്മൾ സന്നദ്ധമായിരിക്കണം.
5. പരമാവധി സാമൂഹിക അധിഷ്ഠിത സംഘടനകളെ ഇതുമായി കൂട്ടിയിണക്കാൻ കഴിയണം.

ഇത്തരത്തിൽ അധികാരവികേന്ദ്രീകരണം കൂടുതൽ ശക്തി ആർജ്ജിക്കാൻ ഉതകുന്ന തരത്തിൽ കൂടുതൽ ചർച്ചകളിലൂടെ കർമ്മപരിപാടി തയ്യാറാക്കണം.